**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 252** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് രണ്ടാം തരംഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | **Smt Veena George**<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് രണ്ടാം തരംഗത്തിൽ വ്യാപന നിരക്ക് കൂടുകയും മരണ സംഖ്യ വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | (എ) | കോവിഡ്-19 രണ്ടാം വ്യാപനം ചെറുപ്പക്കാരിലും മദ്ധ്യവയസ്കരിലുമാണ് കൂടുതൽ ബാധിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ മരണ നിരക്ക് പ്രായാധിക്യം ഉള്ളവരിലും, പ്രമേഹം, ഉയർന്ന രക്തസമ്മർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്കരോഗം, തൈറോയ്ഡ് പ്രശ്നങ്ങൾ മുതലായ രോഗങ്ങൾ ഉള്ളവരിലും ആണ് കൂടുതലായി കണ്ടുവരുന്നത്. രണ്ടാം തരംഗത്തിൽ 2021 ഏപ്രിൽ, മെയ് മാസങ്ങളിൽ മാത്രം 13,89,695 കോവിഡ് രോഗബാധിതരും, 4020 കോവിഡ് മരണങ്ങളും കേരളത്തിൽ സ്ഥിരീകരിച്ചു. ലഭ്യമായ കണക്കുകൾ പ്രകാരം 21 മുതൽ 30 വയസ്സുവരെ ഉള്ളവരിലാണ് രോഗവ്യാപനം കൂടുതലായി കാണപ്പെട്ടത് (261232 പേർക്ക്). 31 വയസ്സ മുതൽ 40 വയസ്സുവരെയുള്ള (252935) ആളുകൾക്കും 41 മുതൽ 50 വയസ്സുവരെയുള്ള (233126) ആളുകൾക്കും രോഗവ്യാപനം താരതമ്യേന കൂടുതലാണ്. മരണ നിരക്ക് ഏറ്റവും കൂടുതലായി കാണപ്പെട്ടത് 81 മുതൽ 90 വയസ്സുവരെ പ്രായം ഉള്ളവരിലാണ് (കേസ്= 17105, മരണം= 502, മരണ നിരക്ക് =2.93%) 71 മുതൽ 80 വയസ്സുവരെ ഉള്ളവരിലും മരണ നിരക്ക് കൂടുതലായി കാണുന്നു. (കേസ് 50959, മരണം 988, മരണ നിരക്ക് - 1.94 %). കൂടാതെ 91 വയസ്സ മുതൽ 100 വയസ്സുവരെയുള്ളവരിൽ 2833 പേർക്ക് രോഗബാധയും, 44 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട് (മരണ നിരക്ക് - 1.55%). കോവിഡ് രോഗബാധ മൂലമാണ് മരണം എന്ന് സ്ഥിരീകരിക്കപ്പെട്ടവരിൽ 18% പേർക്ക് രണ്ടാം തരംഗത്തിൽ മറ്റു രോഗങ്ങൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 0.3% ആയിരുന്നു മരണനിരക്ക് എങ്കിൽ, നിലവിൽ അത് 0.34% ആണ്. വ്യത്യസ്ത പ്രായവിഭാഗങ്ങളിലെ മരണം ആരോഗ്യവകുപ്പ് തുടർച്ചയായി നിരീക്ഷിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇക്കാര്യം പരിശോധിക്കുന്നതിൽ നിന്നും ചെറുപ്പക്കാരിലെ മരണ നിരക്ക് 2-ാം തരംഗത്തിൽ കൂടിയിട്ടില്ലെന്ന് കാണുന്നു. |
| (ബി) | സംസ്ഥാനത്ത് നിലവിൽ ഗുരുതരാവസ്ഥയിൽ കഴിയുന്ന കോവിഡ് രോഗികളുടെ എണ്ണത്തിൽ ക്രമാതീതമായ വർദ്ധനവ് ഉണ്ടാകുന്നു എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) | 04.06.2021-ൽ 174526 പേർ സംസ്ഥാനത്തുടനീളം രോഗം സ്ഥിരീകരിച്ച് ആശുപത്രികളിലും വീട്ടുകളിലുമായി ചികിത്സയിലിരുന്നവരിൽ 32056 രോഗികൾ ആശുപത്രികളിലാണ് ചികിത്സയിൽ കഴിഞ്ഞത്. രോഗ തീവ്രതയനുസരിച്ച് ഇവരിൽ ചിലർ വീട്ടുകളിലും, ഡോമിസിലിയറി കെയർ സെന്ററുകളിലും, സി എസ് എൽ ടി സി/ സി എഫ് എൽ ടി സി, സർക്കാർ/സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിലായിരുന്നു ചികിത്സയിൽ കഴിഞ്ഞത്. ഏപ്രിൽ മാസം മുതൽ കേസുകൾ വർദ്ധിച്ചപ്പോൾ ഐ.സി.യു-ലും വെന്റിലേറ്ററുകളിലും ചികിത്സയിലുള്ളവരുടേയും എണ്ണം ദിനം പ്രതി വർദ്ധിക്കുകയും ഏപ്രിൽ 22-ാടു കൂടി ഐ.സി.യു.-ൽ ചികിത്സയിലുള്ളവരുടെ എണ്ണം ആയിരം കടക്കുകയും ചെയ്തു. മെയ് 25നു ഐ.സി.യു രോഗികളുടെ എണ്ണം 4000 കടക്കുകയും ചെയ്തു. കഴിഞ്ഞ രണ്ടാഴ്ചത്തെ കണക്കു പരിശോധിക്കുമ്പോൾ ഐ സി യു വെന്റിലേറ്റർ രോഗികളുടെ നിരക്ക് കുറഞ്ഞു വരുന്നതായാണ് കാണുന്നത്. |
| (സി) | നിലവിൽ സംസ്ഥാനത്തെ ആശുപത്രികളിലെ വെന്റിലേറ്റർ ലഭ്യതയും ഓക്സിജൻ കിടക്കകളുടെ ലഭ്യതയും ഈ സാഹചര്യം നേരിടുവാൻ പര്യാപ്തമാണോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; | (സി) | നിലവിലെ സാഹചര്യം നേരിടുവാൻ ആരോഗ്യ സംവിധാനങ്ങൾ പര്യാപ്തമാണ്. അതോടൊപ്പം 3-ാം തരംഗം മുൻകൂട്ടി കണ്ട് ആവശ്യമായ കൂടുതൽ സജ്ജീകരണങ്ങൾ നടത്തി വരുന്നു. |
| (ഡി) | കോവിഡ് രണ്ടാം തരംഗം നേരിടുന്നതിന് കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ ;വിശദാംശം ലഭ്യമാക്കുമോ? | (ഡി) | കോവിഡ് മഹാമാരിയോടനുബന്ധിച്ച് 2020 - 21 സാമ്പത്തിക വർഷത്തിൽ 256.52 കോടി രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ 07/06/2021 വരെ 100 കോടി രൂപയും കേന്ദ്ര ഗവൺമെന്റിൽ നിന്നും ചികിത്സാ ശാക്തീകരണ പ്രവർത്തനങ്ങൾക്കായി ദേശീയ ആരോഗ്യ ദൗത്യം മുഖേന കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലഭ്യമായിട്ടുണ്ട്. കോവിഡിന്റെ രണ്ടാം തരംഗത്തോടനുബന്ധിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം കേരളത്തിൽ ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങളുടെയും മരുന്നുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു; ആന്റിജൻ കിറ്റ് -3,93,000 റെംഡിസിവിർ - 67917 ഓക്സിജൻ കോൺസെൻട്രേറ്റർ - 805 ട്രിപ്പിൾ ലെയർ മാസ്ക് - 6,37,180 പി.പി.ഇ. കിറ്റ് - 5618 വെന്റിലേറ്റർ - 490 സി-പാപ്പ് - 125 ഓക്സിജൻ സിലിണ്ടർ - 970 ഓക്സിജൻ നേസൽ കാനുല - 1 ലക്ഷം വി.റ്റി.എം. - |

| | | | |
|---|---|---|---|
| | | | 3,36,312 സോളിമെഡ്രോൾ ഇൻജക്ഷൻ - 2,57,500<br>ടോസിലിസുമാബ് ഇൻജക്ഷൻ 80 m.g - 2646<br>ടോസിലിസുമാബ് ഇൻജക്ഷൻ 400 m.g - 177<br>പൾസ് ഓക്സിമീറ്റർ - 1218 എൻ 95 മാസ്ക്ക് -<br>1,05,729 ഫ്ലാവിപിറാവിർ ടാബ് - 62880<br>ബാരിസിറ്റിനിബ് ടാബ് - 56448 |

സെക്ഷൻ ഓഫീസർ